**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 715** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒല്ലൂർ നിയോജക മണ്ഡലത്തിലെ വന്യജീവി ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി, പുത്തൂർ, മാടക്കത്തറ എന്നീ പഞ്ചായത്തുകളിൽ വ്യാപകമായ രീതിയിൽ വന്യജീവി ആക്രമണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്**

**(ബി)** ഈ മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി, പുത്തൂർ, മാടക്കത്തറ എന്നീ പഞ്ചായത്തുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലുള്ള പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളതും ആയത് കൃത്യമായി പരിപാലിച്ച് വരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി RRT-യും PRT-യും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഡ്രോൺ, പത്ത് ക്യാമറ ട്രാപ്പുകൾ എന്നിവയും അനുവദിച്ചിട്ടുണ്ട്. ആയവ എല്ലാം തന്നെ സംഘർഷ ലഘൂകരണത്തിനായി ഉപയോഗിച്ച് വരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി കാണപ്പെടുന്ന സ്ഥലങ്ങളിൽ ക്യാമറ, Aniders എന്നിവ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നതുമാണ്. വന്യമൃഗങ്ങൾ ഇറങ്ങിവരുന്ന മേഖലയിലെ പ്രദേശവാസികൾക്ക് സ്റ്റാഫിനെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രശ്നബാധിത മേഖലയിൽ ഇൻഫർമേഷൻ ബോർഡുകളും സൗരോർജ്ജ വിളക്കുകളും സ്ഥാപിച്ചിട്ടുള്ളതാണ്. ജനവാസ മേഖലയിലേക്ക് ഇറങ്ങുന്ന കാട്ടാനകളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിന് വേണ്ടി വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതാണ്.

**(സി)** വന്യജീവി ആക്രമണം തടയുന്നതിനായി മേഖലയിൽ സോളാർ ഹാങ്ങിങ് ഫെൻസിംഗ് അടക്കമുള്ള സംവിധാനങ്ങൾ അടിയന്തരമായി ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പട്ടിക്കാട് റെയ്ഞ്ച് പരിധിയിൽ സോളാർ ഫെൻസിംഗ് നിലവിലില്ലാത്ത കുതിരാൻ മുതൽ നിന്നുകുഴി വരെയുള്ള (18 കി.മീ ) വനാതിർത്തിയിൽ പുതുതായി സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ ലൈൻ ഫെൻസിംഗ് ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.

പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിന്റെ അധികാര പരിധിയിലുള്ള കുതിരാൻ പ്രദേശത്ത് 0.95 കി.മീ സോളാർ ഹാങിംഗ് ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളതും ആയത് പ്രവർത്തനക്ഷമവുമാണ്. കൂടാതെ പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിൽ വാണിയമ്പാറ ഫോറസ്റ്റ് സ്റ്റേഷനിൽ കുതിരാൻ-കൊമ്പഴ (4.കി.മീ- 34.19 ലക്ഷം), ഒളകര ഫോറസ്റ്റ് സ്റ്റേഷനിൽ ഒളകര ഉന്നതിയിൽ (3 കി.മീ- 25.66 ലക്ഷം) എന്നിങ്ങനെ രണ്ട് റീച്ചുകളിൽ സോളാർ ഹാങിംഗ് ഫെൻസിംഗുകളും, പീച്ചി ഫോറസ്റ്റ് സ്റ്റേഷനിൽ തോണിച്ചാൽ-വഞ്ചിക്കടവ് (2.6 കി.മീ- 7.43 ലക്ഷം) സോളാർ ഫെൻസിംഗും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**